(സി) ചെറുകിട വ്യവസായം സ്വന്തം നിലയിൽ നടത്തിയാൽ മാത്രമേ ചെറുകിട വ്യവസായത്തെക്കുറിച്ച് അറിവുണ്ടാവൂ എന്ന് സർക്കാർ കരുതുന്നില്ല.

ജാമ്യവസ്തുവിന്റെ മൂല്യം

44 (377) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യിൽനിന്നും ലോൺ ലഭിക്കുന്നതിനുവേണ്ടി ഈടു നിൽക്കുന്ന ജാമ്യവസ്തുവിന്റെ മൂല്യം കണക്കാക്കുന്നതിന് എന്ത് സംവിധാനമാണുള്ളത്;

(ബി) നിലവിൽ ജാമ്യവസ്തുവിന്റെ മൂല്യം പെരുപ്പിച്ചുകാട്ടി ലോൺ എടുക്കാൻ എത്തിയവർക്ക് സഹായകരമായ നിലപാട് സ്വീകരിച്ചതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാലുവേഷനിൽ കൃത്രിമം കാണിച്ചതായ കേസുകൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ജാമ്യവസ്തുവിന്റെ പ്രമാണം ഒരു വർഷത്തിനുമുൻപും വ്യാവസായിക വസ്തുവിന്റെ പ്രമാണം മൂന്നുവർഷത്തിനുമുൻപും രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ സ്ഥലത്തിന്റെ ഇപ്പോഴത്തെ നടപ്പുവിലയാണ് കണക്കാക്കുന്നത്. ഇത് വില്ലേജാഫീസിൽ നേരിട്ട് അന്വേഷിച്ചും സമീപ പ്രദേശത്തുള്ള വസ്തുവിന്റെ വിറ്റവില മനസ്സിലാക്കിയും ഭൂമിയുടെ കിടപ്പ്, റോഡിൽനിന്നുള്ള അകലം, ഫലവൃക്ഷങ്ങളുടെ എണ്ണം എന്നിവ കണക്കിലെടുത്തുമാണ് മതിപ്പു വില നിശ്ചയിക്കുന്നത്. നിശ്ചിത കാലയളവിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണമാണെങ്കിൽ പ്രമാണത്തിൽ പറഞ്ഞിരിക്കുന്ന വിലയെ മൂല്യമായി കണക്കാക്കാറുണ്ട്. ജില്ലാ ആഫീസുകളിൽ വസ്തുവിന്റെ മൂല്യം കണക്കാക്കുന്നതിനെ സംബന്ധിച്ച് പരാതിയുണ്ടായാൽ ഹെഡ്ഡാഫീസിൽനിന്നും ഉയർന്ന ഉദ്യോഗസ്ഥൻമാരെക്കൊണ്ട് വീണ്ടും മൂല്യനിർണ്ണയം ചെയ്ത് പരാതി പരിഹരിക്കുകയാണ് സാധാരണ ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) ഒന്ന്.

സ്വകാര്യ സ്ഥാപനത്തിന്റെ പേരിൽ കെ.എഫ്.സി.യിൽനിന്നും എടുത്തിട്ടുള്ള ലോണുകൾ

45 (378) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ച് 24 ന് കെ. സിറാജുദീൻ എന്ന ആൾ താജ് ടവേഴ്സ് കായംകുളം എന്ന സ്ഥാപനത്തിന്റെ പേരിൽ കെ.എഫ്.സി യിൽനിന്നും ലോൺ എടുത്തിട്ടുണ്ടോ;

(ബി) മറ്റേതെങ്കിലും തീയതിയിൽ ഈ വ്യക്തി കെ.എഫ്.സി. യിൽനിന്നും ലോൺ എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) താജ് ടവേഴ്സ് കായംകുളത്തിന്റെ പേരിൽ നാളിതുവരെ കെ. എഫ്.സി.യിൽനിന്നും എടുത്തിട്ടുള്ള ലോണുകളുടെ വിശദവിവരം നൽകുമോ; സിറാജുദീൻ കെ.എഫ്.സിയിൽനിന്നും എടുത്തിട്ടുള്ള ലോൺ എന്തുതുക വരും എന്ന് അറിയിക്കുമോ;

(ഡി) ഈ ലോൺതുക തിരിച്ചടവ് നടത്തിയിട്ടില്ലെങ്കിൽ കെ.എഫ്. സി. സ്വീകരിച്ച മേൽനടപടികൾ വ്യക്തമാക്കുമോ;

(ഇ) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അത് പരിശോധിച്ച് ആവശ്യ മായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) 1999 മാർച്ച് മാസത്തിലെടുത്ത ലോൺതുക കെ.എഫ്.സി.ക്ക് രേഖാമൂലം നൽകിയ ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെന്ന് ഉറപ്പാ ക്കാനുള്ള തെളിവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) കായംകുളം താജ് ടവേഴ്സിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഫൈനാൻസ് വകുപ്പിന്റെ വിജിലൻസ് വിഭാഗം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എച്ച്) ഈ ഗ്രൂപ്പിന്റെ സാമ്പത്തിക ബിസിനസുകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 30.3.98-ൽ സിറാജുദീന് 90 ലക്ഷം രൂപയുടെ വായ്പ താജ് ടവേഴ്സ് എന്ന സ്ഥാപനം തുടങ്ങുന്നതിനുവേണ്ടി അനുവദിച്ചു. 24.3.1999 ൽ ആദ്യ ഗഡുവായ 26,65,000/- രൂപ നൽകി.

(ഡി) പ്രോജക്ട് ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. സിറാജുദീന്റെ പേർക്ക് പലതവണ രജിസ്റ്റേർഡ് കത്തുകൾ അയച്ചു. കെ.എഫ്.സി. ഉദ്യോഗ സ്ഥർ സ്ഥലം സന്ദർശിച്ചു. തുടർന്ന് റിക്കവറി നടപടികൾ സ്വീകരിച്ചു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. കെ.എഫ്.സി യിലെ എൻജിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ലഭ്യമല്ല.

സഹകരണ മേഖലയിൽനിന്നും ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക

46 (379) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽനിന്നും സംസ്ഥാന ട്രഷറിയിൽ എത്ര രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഡെപ്പോസിറ്റിന് സാധാരണ നിരക്കിലുള്ള പലിശയാണോ നൽകുന്നത്; അതോ വ്യത്യസ്തമാണോ എന്ന് വെളിപ്പെടുത്തുമോ;

(സി) വ്യത്യസ്ത നിരക്കാണെങ്കിൽ അതിന്റെ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly